## മധുരമായ കുട്ടികളേ, സതോപ്രധാനമാകണമെങ്കിൽ നിങ്ങൾക്ക് ബാബയെ സ്നേഹത്തോടുകൂടി ഓർമ്മിക്കൂ, പാരസ്നാഥനായ ശിവബാബ നിങ്ങളെ പവിഴപുരിയുടെ അധികാരിയാക്കുവാൻ വന്നിരിക്കുന്നു.

**ചോദ്യം:** നിങ്ങൾ കുട്ടികൾ ഏതൊരു കാര്യം ധാരണ ചെയ്യുന്നതിലൂടെ മഹിമാ യോഗ്യരായി മാറും?
**ഉത്തരം** : വളരെ വളരെ മധുരമുള്ളവരാകൂ. ഒരു കാര്യത്തിന്റെയും അഹങ്കാരം ഉണ്ടാകരുത്. വളരെ മധുരമാകണം. അഹങ്കാരം വന്നുകഴിഞ്ഞാൽ ശത്രുവായി മാറുന്നു. പവിത്രതയുടെ ആധാരത്തിലാണ് ഉയർന്നവരും താഴ്ന്നവരും ആകുന്നത്. പവിത്രമായിരിക്കുമ്പോൾ ആദരവ് ലഭിക്കുന്നു, അപവിത്രമാണെങ്കിൽ സർവ്വരുടെയും മുന്നിൽ തല കുനിക്കുന്നു.

**ഓംശാന്തി.** ആത്മീയ അച്ഛൻ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു. ബാബയ്ക്കും അറിയാം ഞാൻ ഈ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുകയാണ് എന്നത്. ഭക്തി മാർഗ്ഗത്തിൽ പല പല പേരുകളിൽ അനേകം അനേകം ചിത്രങ്ങൾ ഉണ്ടാക്കുന്നു എന്നതും കുട്ടികൾ മനസ്സിലാക്കി. നേപ്പാളിൽ പാരസ്നാഥനെ ആദരിക്കുന്നു. പാരസ്നാഥന്റെ വളരെ വലിയ ക്ഷേത്രമുണ്ട്. പക്ഷേ ഒന്നും ഇല്ല. 4 വാതിലുകളും 4 മൂർത്തികളുമുണ്ട്. നാലാമത്തേതിൽ കൃഷ്ണനെയാണ് വച്ചിരിക്കുന്നത്. ഇപ്പോൾ കുറച്ച് മാറ്റം വരുത്തിയിട്ടുണ്ട്. പാരസ്നാഥനെന്ന് ശിവബാബയെ തന്നെയാണ് പറയുന്നത്. ബാബ തന്നെയാണ് മനുഷ്യരെ പവിഴ ബുദ്ധിയുള്ളവരാക്കി മാറ്റുന്നത്. ആദ്യമാദ്യം അവർക്ക് ഇത് മനസ്സിലാക്കി കൊടുക്കണം – ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്, പിന്നെയാണ് മുഴുവൻ ലോകവും വരുന്നത്. സൂക്ഷ്മവതനത്തിന്റെ സൃഷ്ടിയൊന്നും ഇല്ല. പിന്നെയുള്ളത് ലക്ഷ്മീ നാരായണൻ അഥവാ വിഷ്ണുവാണ്. വാസ്തവത്തിൽ വിഷ്ണുവിന്റെ ക്ഷേത്രവും തെറ്റാണ്. വിഷ്ണു ചതുർഭുജൻ, നാല് കൈകളുള്ള ഒരു മനുഷ്യനും ഉണ്ടായിരിക്കില്ല. ബാബ പറയുന്നു ഈ ലക്ഷ്മീ നാരായണനെ ഒരുമിച്ച് വിഷ്ണുവിന്റെ രൂപത്തിൽ കാണിച്ചിരിക്കുന്നു. ലക്ഷ്മീ നാരായണൻ രണ്ട് പേരും വേറെ വേറെയാണ്. സൂക്ഷ്മവതനത്തിൽ വിഷ്ണുവിന് 4 കൈകൾ കാണിച്ചിരിക്കുന്നു അർത്ഥം രണ്ട് പേരെയും ഒരുമിച്ച് ചതുർഭുജമാക്കിയിരിക്കുന്നു, അല്ലാതെ അങ്ങനെ ആരും ഇല്ല. ക്ഷേത്രങ്ങളിൽ കാണിക്കുന്ന ചതുർഭുജം സൂക്ഷ്മവതനത്തിലുള്ളതാണ്. ചതുർഭുജത്തിന് ശംഖും ചക്രവും ഗദയും താമരയുമൊക്കെ കാണിച്ചിരിക്കുന്നു. അങ്ങനെയൊന്നും തന്നെയില്ല. ചക്രവും നിങ്ങൾ കുട്ടികൾക്കാണുള്ളത്. നേപ്പാളിൽ വിഷ്ണുവിന്റെ വലിയ ചിത്രം ക്ഷീരസാഗരത്തിൽ കാണിക്കുന്നുണ്ട്. പൂജയുള്ള ദിവസങ്ങളിൽ കുറച്ച് പാൽ ഒഴിക്കുന്നു. ഓരോ കാര്യവും ബാബ വളരെ നല്ല രീതിയിൽ മനസ്സിലാക്കി തരുന്നു. ഇതുപോലെ മറ്റാർക്കും വിഷ്ണുവിന്റെ അർത്ഥം മനസ്സിലാക്കിത്തരാൻ സാധിക്കില്ല. അറിയുന്നതേയില്ല. ഇത് സ്വയം ഭഗവാൻ മനസ്സിലാക്കി തരുന്നു. ശിവബാബയെയാണ് ഭഗവാൻ എന്ന് പറയുന്നത്. ഒന്ന് തന്നെയാണ് പക്ഷേ ഭക്തീമാർഗ്ഗത്തിലുള്ളവർ അനേകം പേരുകൾ നല്കിയിരിക്കുന്നു. നിങ്ങൾ ഇപ്പോൾ അനേകം പേരുകൾ ഒന്നും പറയുന്നില്ല . ഭക്തീമാർഗ്ഗത്തിൽ വളരെയധികം കഷ്ടതകൾ അനുഭവിക്കുന്നു. നിങ്ങളും അനുഭവിച്ചു. ഇപ്പോൾ നിങ്ങൾ ക്ഷേത്രങ്ങളൊക്കെ കാണുമ്പോൾ അതിനെ ക്കുറിച്ച് നിങ്ങൾ മനസ്സിലാക്കി കൊടുക്കും ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്, സുപ്രീം സോൾ, നിരാകാരനായ പരംപിതാ പരമാത്മാവാണ്. ആത്മാവ് ശരീരത്തിലൂടെ വിളിക്കുന്നു – അല്ലയോ പരമപിതാവേ...എന്ന്. ജ്ഞാന സാഗരനെന്നും സുഖത്തിന്റെ സാഗരനെന്നും മഹിമയുമുണ്ട്. ഭക്തിമാർഗ്ഗത്തിൽ ഒന്നിന് അനേകം ചിത്രങ്ങളുണ്ട്. ജ്ഞാന മാർഗ്ഗത്തിൽ ജ്ഞാനസാഗരൻ ഒരാൾ തന്നെയാണ്. ബാബ തന്നെയാണ് പതീത പാവനനും സർവ്വരുടേയും സത്ഗതിദാതാവും. മുഴുവൻ ചക്രവും നിങ്ങളുടെ ബുദ്ധിയിലുണ്ട്. ഉയർന്നതിലും ഉയർന്നത് പരമാത്മാവാണ്, ബാബയെക്കുറിച്ച് തന്നെയാണ് പറയുന്നത് സ്മരിച്ച് സ്മരിച്ച് സുഖം നേടൂ അർത്ഥം ഒരു ബാബയെ തന്നെ ഓർമ്മിക്കൂ അഥവാ സ്മരിക്കൂ അപ്പോൾ ശരീരത്തിന്റെ വേദനകൾ എല്ലാം ഇല്ലാതാകും, പിന്നെ ജീവന്മുക്തി പദവി നേടും. ഇത് ജീവന്മുക്തിയല്ലേ. ബാബയിൽ നിന്നും ഈ സുഖത്തിന്റെ സമ്പത്ത് ലഭിക്കുന്നു. ഇദ്ദേഹം മാത്രമല്ല നേടുന്നത്. രാജധാനിയും തീർച്ചയായും ഉണ്ടായിരിക്കുമല്ലോ. അർത്ഥം ബാബ രാജധാനി സ്ഥാപിച്ച് കൊണ്ടിരിക്കുകയാണ്. സത്യയുഗത്തിൽ രാജാവും റാണിയും പ്രജകളും സർവ്വരും ഉണ്ടായിരിക്കും. നിങ്ങൾ ജ്ഞാനം നേടികൊണ്ടിരിക്കുന്നു, അപ്പോൾ ഉയർന്ന കുലത്തിൽ പോയി ജന്മം എടുക്കും. വളരെയധികം സുഖം ലഭിക്കുന്നു. അത് എപ്പോൾ സ്ഥാപിക്കപ്പെടുന്നുവോ അപ്പോൾ അപവിത്രമായ ആത്മാക്കൾ ശിക്ഷകൾ അനുഭവിച്ച് തിരികെ പോകുന്നു. അവരവരുടെ സെക്ഷനുകളിൽ പോയിരിക്കും. എല്ലാ ആത്മാക്കളും താഴേക്ക് വരാൻ തുടങ്ങിയാൽ പിന്നെ വൃദ്ധിയുണ്ടായികൊണ്ടിരിക്കും. മുകളിൽ നിന്നും എങ്ങനെയാണ് വരുന്നത്

എന്നത് ബുദ്ധിയിലുണ്ടായിരിക്കണം. രണ്ട് ഇലകൾക്ക് പകരം 10 ഇലകൾ ഒരുമിച്ച് വരുന്നില്ല, നിയമമനുസരിച്ച് ഇലകളുണ്ടാകുന്നു. ഇത് വളരെ വലിയ വൃക്ഷമാണ്. ഒരു ദിവസം കൊണ്ട് ലക്ഷങ്ങളുടെ വൃദ്ധിയുണ്ടാകുന്നതായി കാണിക്കുന്നുണ്ട്. ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്, പതീത പാവനനും ദുഃഖത്തെ ഇല്ലാതാക്കി സുഖം നല്കുന്നവനും ആ ഒരാൾ തന്നെയാണ് എന്നത് മനസ്സിലാക്കി കൊടുക്കണം. ദുഃഖിതരായിരിക്കുന്ന പാർട്ട്ധാരികൾക്കെല്ലാം വന്ന് സുഖം നല്കുന്നു. ദുഃഖം നല്കുന്നവൻ രാവണനാണ്. ബാബ വന്നിരിക്കുകയാണ് എന്നത് മനുഷ്യർ അറിയുന്നതേയില്ല. ധാരാളം പേർ മനസ്സിലാക്കി മനസ്സിലാക്കി പിന്നെ പുറത്ത് പോകുന്നു. കുളിച്ച് കുളിച്ച് കാൽ വഴുതി വെള്ളത്തിനടിയിലേയ്ക്ക് പോകുന്നത് പോലെ. ബാബ അനുഭവിയാണല്ലോ. ഇത് വിഷയ സാഗരമാണ്. ബാബ നിങ്ങളെ ക്ഷീര സാഗരത്തിലേയ്ക്ക് കൊണ്ട് പോകുന്നു. എന്നാൽ മായയാകുന്ന മുതല നല്ല നല്ല മഹാരഥികളേയും വിഴുങ്ങികളയുന്നു. ജീവിച്ചിരിക്കെ തന്നെ ബാബയുടെ അടുത്ത് നിന്നും മരിച്ച് രാവണന്റെ അടുത്തേക്ക് പോകുന്നു അർത്ഥം മരിച്ച് പോകുന്നു. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് ഉയർന്നതിലും ഉയർന്നത് ബാബയാണ് പിന്നെ രചന രചിക്കുന്നു. ചരിത്രവും ഭൂമിശാസ്ത്രവുമൊന്നും സൂക്ഷ്മ വതനത്തിന്റേതല്ല. എന്നാൽ സൂക്ഷ്മവതനത്തിൽ പോകുന്നുണ്ട് സാക്ഷാത്ക്കാരം ലഭിക്കുന്നുണ്ട്. അവിടെ ചതുർഭുജത്തെ കാണുന്നു. ചിത്രങ്ങളിൽ ഇല്ല. അത് ബുദ്ധിയിലുണ്ട് എങ്കിൽ തീർച്ചയായും സാക്ഷാത്ക്കാരം ഉണ്ടാകും. എന്നാൽ അങ്ങനെയുള്ള വസ്തുവൊന്നും ഇല്ല. ഇത് ഭക്തിമാർഗ്ഗത്തിന്റെ ചിത്രമാണ്. ഇപ്പോഴും ഭക്തിമാർഗ്ഗം നടന്നുകൊണ്ടിരിക്കുന്നു. ഭക്തിമാർഗ്ഗം പൂർത്തിയാകുമ്പോൾ ഈ ചിത്രങ്ങളൊന്നും ഉണ്ടായിരിക്കില്ല. സ്വർഗ്ഗത്തിൽ ഈ കാര്യങ്ങളെല്ലാം മറന്ന് പോകും. ഇപ്പോൾ ബുദ്ധിയിലുണ്ട് ഈ ലക്ഷ്മീ നാരായണൻ ചതുർഭുജത്തിന്റെ രണ്ട് രൂപങ്ങളാണെന്നത്. ലക്ഷ്മീ നാരായണന്റെ പൂജ അർത്ഥം ചതുർഭുജത്തിന്റെ പൂജ. ലക്ഷ്മീ നാരായണന്റെ ക്ഷേത്രം അഥവാ ചതുർഭുജത്തിന്റെ ക്ഷേത്രമായാലും കാര്യം ഒന്ന് തന്നെയാണ്. ഈ രണ്ട് പേരുടേയും ജ്ഞാനം മറ്റാർക്കും ഇല്ല. ഈ ലക്ഷ്മീ നാരായണന്റെ രാജ്യമാണ് എന്നത് നിങ്ങൾ അറിയുന്നുണ്ട്. വിഷ്ണുവിന്റെ രാജ്യം എന്ന് പറയില്ല. ഇവർ പാലിക്കുകയും ചെയ്യുന്നു. മുഴുവൻ വിശ്വത്തിന്റെ അധികാരിയാണ് അപ്പോൾ വിശ്വത്തിന്റെ പാലനയും അവർ ചെയ്യും.

ശിവഭഗവാനുവാച – ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു. സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ എങ്കിൽ ഈ യോഗാഗ്നിയിലൂടെ വികർമ്മം വിനാശമാകും. വിശദമായി മനസ്സിലാക്കേണ്ടതുണ്ട്. പറയൂ, ഇതും ഗീതയാണ്. ഗീതയിൽ കേവലം കൃഷ്ണന്റെ പേരാണ് എഴുതിയി രിക്കുന്നത്. ഇത് തെറ്റാണ്, സർവ്വരേയും നിന്ദിച്ചു അതുകൊണ്ടാണ് ഭാരതം തമോപ്രധാനമായി മാറിയത്. ഇപ്പോൾ കലിയുഗീ ലോകത്തിന്റെ അവസാനമാണ്, ഇതിനെ തമോപ്രധാനമായ അയേൺ ഏജ് എന്നാണ് പറയുന്നത്. സതോപ്രധാനമായിരുന്നവർ തന്നെയാണ് 84 ജന്മം എടുത്തത്. തീർച്ചയായും ജനന മരണത്തിൽ വരണം. പൂർണ്ണമായും 84 ജന്മം എടുക്കുമ്പോൾ പിന്നെ ബാബയ്ക്ക് വരേണ്ടി വരുന്നു – ആദ്യ നമ്പറിൽ. ഒരാളുടെ കാര്യമല്ല. ഇവരുടെ രാജധാനി മുഴുവൻ ഉണ്ടായിരുന്നുവല്ലോ പിന്നെ തീർച്ചയായും ഉണ്ടാവുകയും വേണം. ബാബ സർവ്വർക്കും വേണ്ടി പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, ബാബയെ ഓർമ്മിക്കൂ അപ്പോൾ യോഗാഗ്നിയിലൂടെ പാപം ഇല്ലാതാകും. കാമ ചിതയിലിരുന്ന് സർവ്വരും കറുത്ത് പോയിരിക്കുന്നു. എങ്ങനെ കറുത്തതിൽ നിന്നും വെളുത്തതാകും? അത് ബാബ തന്നെയാണ് പഠിപ്പിക്കുന്നത്. കൃഷ്ണന്റെ ആത്മാവ് തീർച്ചയായും പല പല രൂപങ്ങൾ എടുത്തിട്ടുണ്ടാകും. ലക്ഷ്മീ നാരായണനായിരുന്നവർക്ക് തന്നെയാണ് 84 ജന്മങ്ങൾക്ക് ശേഷം വീണ്ടും അത് ആകേണ്ടത്. അങ്ങനെ അദ്ദേഹത്തിന്റെ വളരെ ജന്മങ്ങളുടെ അന്തിമത്തിൽ ബാബ വന്ന് പ്രവേശിക്കുന്നു. പിന്നെ അവർ സതോപ്രധാന വിശ്വത്തിന്റെ അധികാരിയാകുന്നു. നിങ്ങളിലും പാരസ്നാഥനെയും, ശിവനെയും പൂജിക്കുന്നു. തീർച്ചയായും അവരെ ശിവൻ തന്നെയാണ് അങ്ങനെ പാരസ്നാഥനാക്കിയിട്ടുള്ളത്. ടീച്ചറും ആവശ്യമാണല്ലോ അല്ലേ. ബാബ ജ്ഞാന സാഗരനാണ്. സതോപ്രധാന പാരസ്നാഥനാകണമെങ്കിൽ ബാബയെ വളരെ സ്നേഹത്തോടെ ഓർമ്മിക്കൂ. ബാബ തന്നെയാണ് സർവ്വരുടേയും ദുഃഖത്തെ ഇല്ലാതാക്കുന്നവൻ. ബാബ സുഖം നല്കുന്നവനാണ്. ഇത് മുള്ളുകളുടെ കാടാണ്. ബാബ പൂന്തോട്ടം ഉണ്ടാക്കുവാൻ വേണ്ടിയാണ് വന്നിരിക്കുന്നത്. ബാബ തന്റെ പരിചയം നല്കുന്നു. ഞാൻ ഈ സാധാരണ വൃദ്ധ ശരീരത്തിൽ പ്രവേശിക്കുന്നു, ഇദ്ദേഹത്തിന് തന്റെ ജന്മങ്ങളെക്കുറിച്ച് അറിയില്ലായിരുന്നു. ഭഗവാനുവാച – ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു. ഇത് ഈശ്വരീയ യൂണിവേഴ്സിറ്റിയാണ്. ലക്ഷ്യം രാജാവും റാണിയും ആവുക എന്നതാണ് അപ്പോൾ തീർച്ചയായും പ്രജകളും ഉണ്ടാകും. മനുഷ്യർ യോഗം യോഗം എന്നൊക്കെ ധാരാളം പറയുന്നുണ്ട്. നിവൃത്തി മാർഗ്ഗത്തിലുള്ളവർ അനേകം ഹഠയോഗം ചെയ്യുന്നു. അവർക്ക് രാജയോഗം പഠിപ്പിക്കുവാൻ സാധിക്കില്ല. ബാബയുടേത് ഒരു പ്രകാരത്തിലുള്ള യോഗമാണ്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനായ എന്നെ ഓർമ്മിക്കൂ. 84 ജന്മം പൂർത്തിയാക്കി, ഇപ്പോൾ തിരികെ വീട്ടിൽ പോകണം. ഇപ്പോൾ പാവനമാകണം. ഒരു ബാബയെ ഓർമ്മിക്കൂ, ബാക്കി സർവ്വതും ഉപേക്ഷിക്കൂ. അങ്ങ് വരികയാണെങ്കിൽ

ഞങ്ങൾ അങ്ങയോടൊപ്പമേ കൂട്ടുകൂടൂ എന്ന് നിങ്ങൾ ഭക്തീമാർഗ്ഗത്തിൽ പാടിയിരുന്നു. അപ്പോൾ തീർച്ചയായും ബാബയിൽ നിന്നും സമ്പത്ത് ലഭിച്ചിരുന്നുവല്ലോ അല്ലേ. അരകല്പം സ്വർഗ്ഗമാണ് പിന്നെ നരകം, രാവണരാജ്യം ആരംഭിക്കുന്നു. അങ്ങനെ അങ്ങനെ മനസ്സിലാക്കി കൊടുക്കണം. സ്വയം ദേഹമാണെന്ന് വിചാരിക്കരുത്. ആത്മാവ് അവിനാശിയാണ്. ആത്മാവിൽ തന്നെയാണ് മുഴുവൻ പാർട്ടും അടങ്ങിയിട്ടുള്ളത്, അത് നിങ്ങൾ അഭിനയിക്കുന്നു. ഇപ്പോൾ ശിവബാബയെ ഓർമ്മിക്കൂ എങ്കിൽ തോണി മറുകര എത്തും. സന്യാസികൾ പവിത്രമാകുന്നത് കൊണ്ട് അവർക്ക് എത്രമാത്രം ആദരവ് ലഭിക്കുന്നു. സർവ്വരും തല കുനിക്കുന്നു. പവിത്രതയുടെ ആധാരത്തിലാണ് ഉയർന്നവരും താഴ്ന്നവരും ആകുന്നത്. ഉയർന്നവർ ദേവതകളാണ്. സന്യാസികൾ ഒരു ജന്മം പവിത്രമാകുന്നു പിന്നെ വികാരത്തിലൂടെയാണ് അടുത്ത ജന്മം എടുക്കുന്നത്. സത്യയുഗത്തിലാണ് ദേവതകളുള്ളത്. ഇപ്പോൾ നിങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. ചിലർ പഠിക്കുന്നുണ്ട് എന്നാൽ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുവാൻ സാധിക്കുന്നില്ല കാരണം ധാരണ ചെയ്യുന്നില്ല. ബാബ പറയുന്നു നിങ്ങളുടെ ഭാഗ്യത്തിൽ ഇല്ലെങ്കിൽ പിന്നെ ബാബ എന്തു ചെയ്യും. അഥവാ ബാബ സർവ്വരേയും ആശീർവദിച്ചിരുന്നു എങ്കിൽ സർവ്വരും സ്കോളർഷിപ്പ് നേടുമായിരുന്നു. ഭക്തിമാർഗ്ഗത്തിലാണ് ആശീർവാദങ്ങൾ നല്കുന്നത്. സന്യാസികളും അങ്ങനെ ചെയ്യുന്നു. അവരുടെ അടുത്ത് പോയി എനിക്ക് ആൺകുട്ടി ഉണ്ടാകണം അതുകൊണ്ട് ആശീർവദിക്കൂ എന്നൊക്കെ പറയുന്നു. ശരി നിങ്ങൾക്ക് ആൺകുട്ടി ഉണ്ടാകും എന്ന് ആശീർവദിക്കുന്നു. പെൺകുട്ടിയാണ് ജനിക്കുന്നതെങ്കിൽ പറയും വിധി എന്ന്. ആൺകുട്ടിയാണെങ്കിൽ സന്തോഷത്തോടെ പോയി കാലുകളിൽ വീഴുന്നു. അഥവാ മരിച്ചു പോയാൽ കരഞ്ഞ് നിലവിളിക്കാനും ഗുരുവിനെ നിന്ദിക്കുവാനും തുടങ്ങും. ഗുരു പറയും ഇതും വിധിയായിരുന്നു എന്ന്. എന്തുകൊണ്ട് ആദ്യം ഇത് പറഞ്ഞില്ല എന്ന് ചോദിക്കും. ചിലർ മരിച്ചതിനു ശേഷവും ജീവൻ വയ്ക്കുന്നു, ഇതിനെയും വിധി എന്ന് തന്നെയാണ് പറയുന്നത്. അതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ആത്മാവ് എവിടേയോ ഒളിച്ചിരിക്കുന്നു. ഡോക്ടർമാരും വിചാരിച്ചത് ഇവർ മരിച്ചു എന്നാണ്, പിന്നീട് ജീവൻ വെയ്ക്കുന്നു. ചിതയിൽ വച്ചവർ പോലും എഴുന്നേറ്റ് വരുന്നു. ആരെങ്കിലും ഒരാളെ അംഗീകരിച്ചാൽ പിന്നെ അവരുടെ പുറകെ പോകുന്നു.

നിങ്ങൾ കുട്ടികൾക്ക് വിനയമുള്ളവരായി മാറണം. അല്പം പോലും അഹങ്കാരം ഉണ്ടാകരുത്. ഇന്നത്തെ കാലത്ത് ആരിലെങ്കിലും അല്പമെങ്കിലും അഹങ്കാരം കണ്ട് കഴിഞ്ഞാൽ ശത്രുത വർദ്ധിക്കുന്നു. വളരെ മധുരമായിരിക്കണം. നേപ്പാളിലും പ്രശസ്ഥമാകും. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ മഹിമ പറയുന്ന സമയമല്ല. അല്ലെങ്കിൽ അവരുടെ ആശ്രമങ്ങൾ എല്ലാം ഇല്ലാതാകും. വലിയ വലിയ ആൾക്കാർ മനസ്സിലാക്കുകയും അവർ സഭയിൽ കേൾപ്പിക്കുകയും ചെയ്താൽ അവർക്ക് പിന്നാലെ അനേകർ വരും. ഏതെങ്കിലും എം. പി നിങ്ങളുടെ മഹിമ പറയുകയാണ്, ഭാരതത്തിന്റെ രാജയോഗം ഈ ബ്രഹ്മാകുമാർ കുമാരിമാർക്ക് അല്ലാതെ മറ്റാർക്കും പഠിപ്പിക്കുവാൻ സാധിക്കില്ല എന്ന്, പക്ഷേ ഇതുവരെ അങ്ങനെ ആരും ചെയ്തിട്ടില്ല. കുട്ടികൾക്ക് വളരെ സമർത്ഥരും തിളക്കമുള്ളവരുമാകണം. ഇന്ന ഇന്ന ആൾക്കാർ എങ്ങനെയാണ് പ്രഭാഷണം നടത്തുന്നത് എന്ന് പഠിക്കേണ്ടതുണ്ട്. സേവനം ചെയ്യുവാനുള്ള യുക്തികൾ ബാബ പഠിപ്പിക്കുന്നു. ബാബ ഉച്ചരിക്കുന്ന മുരളി കൃത്യമായും ഓരോ കല്പത്തിലും അങ്ങനെ തന്നെ ഉച്ചരിക്കും. ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഇങ്ങനെ എന്തുകൊണ്ടാണ്? – ഈ ചോദ്യം ചോദിക്കുവാൻ സാധിക്കില്ല. ഡ്രാമയനുസരിച്ച് എന്താണോ മനസ്സിലാക്കി തരേണ്ടിയിരുന്നത് അത് മനസ്സിലാക്കി തന്നു. മനസ്സിലാക്കി തന്നു കൊണ്ടിരിക്കുന്നു. മറ്റുള്ളവർ അനേകം ചോദ്യങ്ങൾ ചോദിക്കും. ആദ്യം മന്മനാഭവ ആയിരിക്കുവാൻ അവരോട് പറയൂ. ബാബയെ മനസ്സിലാക്കുന്നതിലൂടെ നിങ്ങൾ സർവ്വതും മനസ്സിലാക്കും. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം –

1. സേവനത്തിന്റെ യുക്തികൾ പഠിച്ച് വളരെ വളരെ സമർത്ഥരും തിളക്കമുള്ളവരും ആകണം. ധാരണ ചെയ്ത് പിന്നെ മറ്റുള്ളവരെ കൊണ്ടും ചെയ്യിക്കണം. പഠിത്തത്തിലൂടെ തന്റെ ഭാഗ്യം സ്വയം തന്നെ ഉണ്ടാക്കണം.

2. ഏതൊരു കാര്യത്തിലും അല്പം പോലും അഹങ്കാരം കാണിക്കരുത്, വളരെ വളരെ മധുരവും വിനയമുള്ളവരും ആകണം. മായയാകുന്ന മുതലയിൽ നിന്നും സ്വയത്തെ സംരക്ഷിക്കണം.

**വരദാനം:- കഴിഞ്ഞുപോയതിനെ ശ്രേഷ്ഠ വിധിയിലൂടെ അവസാനിപ്പിച്ച് ഓർമ്മയുടെ സ്വരൂപമായി മാറുന്ന പദവിയോടുകൂടി പാസ്സാകുന്നവരായി ഭവിക്കട്ടെ.**

''കഴിഞ്ഞത് കഴിഞ്ഞു'' അത് നടക്കുക തന്നെ വേണം. സമയവും ദൃശ്യവുമെല്ലാം കടന്നു പോകും പക്ഷെ പാസ് വിത്ത് ഓണറായി ഓരോ സങ്കൽപം അഥവാ സമയത്തെ കടത്തിവിടൂ അതായത് കഴിഞ്ഞുപോയതിനെ സ്മൃതിയിലേക്ക് വരുമ്പോൾ തന്നെ ആഹാ, ആഹാ എന്ന വാക്ക് ഹൃദയത്തിൽ നിന്ന് വരുന്ന വിധത്തിൽ, കഴിഞ്ഞുപോയതിനെ  അത്രയും ശ്രേഷ്ഠമായ വിധിയിലൂടെ അവസാനിപ്പിക്കൂ. മറ്റാത്മാക്കൾ താങ്കളുടെ കഴിഞ്ഞുപോയ കഥയിൽ നിന്ന് പാഠം പഠിക്കട്ടെ. താങ്കളുടെ കഴിഞ്ഞുപോയത് ഓർമ്മചിഹ്നമായി മാറുമ്പോൾ കീർത്തനം അഥവാ കീർത്തി പാടിക്കൊണ്ടിരിക്കും.

**സ്ലോഗൻ:- സ്വ മംഗളത്തിന്റെ ശ്രേഷ്ഠ പ്ലാനുണ്ടാക്കൂ അപ്പോൾ വിശ്വസേവനക്കാര്യത്തിന് സകാശ് ലഭിക്കും.**